# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 506 : 21/10/2011 -ൽ മറുപടിക്ക്

## പരിസ്ഥിതി സൗഹൃദ വ്യവസായങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. വി. ഡി. സതീശൻ :
,, പാലോട് രവി :
,, വി. പി. സജീന്ദ്രൻ :
,, തേറമ്പിൽ രാമകൃഷ്ണൻ :

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
(വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കൂടുതൽ തൊഴിലവസരങ്ങൾ ഒരുക്കുന്നതും പരിസ്ഥിതി സൗഹൃദവുമായ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകാൻ ആലോചിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പരിസ്ഥിതി മലിനീകരണം ഉണ്ടാക്കാ ത്തതും പരിസ്ഥിതി സൗഹൃദകരവും, തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതുമായ വ്യവസായങ്ങൾക്ക് പ്രാധാന്യം നൽകുന്ന കാര്യം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | ഇത് നടപ്പാക്കാൻ എന്തെല്ലാം കാര്യങ്ങളാണ് ചെയ്യാനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ ? | (ബി) | ഇതിനായി കരട് വ്യവസായ നയത്തിന് രൂപം നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കാൻ ചുവടെ ചേർക്കുന്ന കാര്യങ്ങൾ ചെയ്യാൻ ഉദ്ദേശിക്കുന്നു.<br>കൃഷി സംസ്ക്കരണം, സേവനം, വാണിജ്യം കാലിക പ്രാധാന്യമുള്ള മേഖലകൾ മുതലായവയിൽ സ്വകാര്യ നിക്ഷേപം പ്രോത്സാഹിപ്പിച്ച് കേരളത്തെ ഒരു സംരംഭക സംസ്ഥാനമാക്കി മാറ്റുക.<br>തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പ്രാദേശിക വിഭവങ്ങളുടെ ശരിയായ ഉപഭോഗത്തിനുമായി ഗ്രാമീണ മേഖലകളിൽ |

| | | | |
|---|---|---|---|
| | | | സൂക്ഷ്മ ചെറു സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുക.<br>ആഭ്യന്തര -വിദേശ നിക്ഷേപകരെ ആകർഷിക്കുന്ന തരത്തിൽ കേരളത്തെ നിക്ഷേപ കേന്ദ്രമാക്കി മാറ്റാൻ മത്സരബുദ്ധിയോടെ പ്രവർത്തിക്കുക.<br>സംസ്ഥാനത്തിൽ വ്യവസായ ക്ളസ്റ്ററുകൾ ത്വരിതപ്പെടുത്തുക.<br>പൂർണ്ണമായും ഭാഗികമായും തൊഴിൽ പ്രാവീണ്യം നേടിയവർക്ക് സംസ്ഥാന ത്തിനകത്തു തന്നെ വ്യാവസായിക സേവന മേഖലകളിൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക.<br>സംരംഭക വികസനത്തിന് പരിസ്ഥിതി സൗഹാർദ്ദ പ്രവർത്തനങ്ങൾ പ്രോത്സാഹി പ്പിക്കുക.<br>കൂടാതെ സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിലൂടെയും മറ്റ് സർക്കാർ ഏജൻസികളി ലൂടെയും പരിസ്ഥിതി സംരക്ഷണം ഉറപ്പു വരുത്തുവാനും മലിനീകരണം ഉണ്ടാക്കുന്ന വ്യവസായശാലകളെ പട്ടണാതിർത്തി/ മുനിസിപ്പാലിറ്റി/ നഗര പ്രദേശ ങ്ങളിൽ നിന്നും ദേശീയ തലസ്ഥാന മാതൃകയിൽ, മാറ്റി സ്ഥാപിക്കുവാനുമുള്ള നടപടികൾക്ക് പ്രോത്സാഹനം നൽകുവാനും ഉദ്ദേശിക്കുന്നു.<br>മാത്രവുമല്ല, പരിസ്ഥിതി സൗഹാർദപരമായി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന വികസനാധിഷ്ഠിത മേഖലകളിൽ സർക്കാർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. എന്നാൽ വനത്തിലെ തടി ഉപയോഗിച്ചുള്ള സംരംഭങ്ങൾ സർക്കാർ |

| | | | |
|---|---|---|---|
| | | | പ്രോത്സാഹിപ്പിക്കില്ല. പുനരുപയോഗം ചെയ്യാൻ പറ്റുന്ന തടി, മുള, സോഫ്റ്റ് വുഡ്, പ്ലൈവുഡ് മുതലായവ ഉപയോഗിച്ചുള്ള വ്യവസായങ്ങൾ മറ്റൊരു സാധ്യതയായി കാണുകയും പ്രോത്സാഹിപ്പിക്കുകയും, കേരളത്തെ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് 'എമേർജിംഗ് കേരള' എന്ന പേരിൽ നിക്ഷേപകരുടെ സംഗമം സംഘടിപ്പിക്കുകയും ചെയ്യാൻ ഉദ്ദേശിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ